"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭ - വേൾഡ് യൂണിവേഴ്സിറ്റി പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കായികതാരത്തിന് സാമ്പത്തിക സഹായം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1307/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2021

---

പരാമർശം:- 1 കോഴിക്കോട് നഗരസഭാ കൗൺസിലിന്റെ 20.08.2019 ലെ 83-ാം നമ്പർ തീരുമാനം.

2 കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 19.02.2020 ലെ ഡി1/51506/20 നമ്പർ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 06.02.2021 ലെ ജി3-4887/2020 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭാ പരിധിയിൽ എടക്കാട് സ്വദേശിയും, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥിനിയുമായ കുമാരി. അഭിരാമി എം വി 2019 ജൂലൈ 2 1 മുതൽ 2 7 വരെ എസ്റ്റോണിയയിൽ വച്ച് നടന്ന വേൾഡ് യൂണിവേഴ്സിറ്റി പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് 1,75,000/-രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നതും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളതുമായ വിദ്യാർത്ഥിനിയുടെ അപേക്ഷ നഗരസഭ കൗൺസിൽ പരിഗണിച്ച് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 25,000/-രൂപ സർക്കാർ അനുമതിക്ക് വിധേയമായി അനുവദിച്ച് നൽകുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും, ആയത് പ്രകാരം നഗരസഭാ സെക്രട്ടറിയുടെ പരാമർശം 2 പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, കോഴിക്കോട് നഗരസഭാ പരിധിയിൽ താമസക്കാരിയും സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥിനിയുമായ കുമാരി. അഭിരാമി എം വി എസ്റ്റോണിയയിൽ നടന്ന പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തതിനാൽ ടിയാളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ച് 25,000/-(ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ സാമ്പത്തിക സഹായം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/ചെയർമാൻ, കോഴിക്കോട് നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

File No.LSGD-FM2/50/2021-LSGD

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ